**Signature and Name of Invigilator**

1. (Signature) ____________________

   (Name) ____________________

2. (Signature) ____________________

   (Name) ____________________

**Roll No.** | | | | | | | | |

(In figures as per admission card)

**Roll No.** ____________________

(In words)

**Test Booklet No.**

**J – 2208**

**PAPER – III**

**Time : 2½ hours]**

# MALAYALAM

**[Maximum Marks : 200**

Number of Pages in this Booklet : **32**

Number of Questions in this Booklet : **26**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. Answers to short answer/essay type questions are to be given in the space provided below each question or after the questions in the Test Booklet itself.

   **No Additional Sheets are to be used.**
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Test Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
4. Read instructions given inside carefully.
5. One page is attached for Rough Work at the end of the booklet before the Evaluation Sheet.
6. If you write your name or put any mark on any part of the Answer Sheet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
7. You have to return the Test booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
8. **Use only Blue/Black Ball point pen.**
9. **Use of any calculator or log table etc. is prohibited.**
10. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. लघु प्रश्न तथा निबंध प्रकार के प्रश्नों के उत्तर, प्रत्येक प्रश्न के नीचे या प्रश्नों के बाद में दिये हुये रिक्त स्थान पर ही लिखिये।

   **इसके लिए कोई अतिरिक्त कागज का उपयोग नहीं करना है।**
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ / प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले ले। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
4. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
5. उत्तर-पुस्तिका के अन्त में कच्चा काम (Rough Work) करने के लिए मूल्यांकन शीट से पहले एक पृष्ठ दिया हुआ है।
6. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
7. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और इसे परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
8. **केवल नीले / काले बाल प्वाईंट पैन का ही इस्तेमाल करें।**
9. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
10. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

### PAPER—III

**NOTE:** **This paper is of two hundred (200) marks containing four (4) sections. Candidates are requested to attempt the questions contained in these sections according to the detailed instructions given therein.**

**കുറിപ്പ് :** ഈ പേപ്പറിന് ഇരുനൂറ് (200) മാർക്ക്. നാല് ഭാഗങ്ങൾ. ഓരോ ഭാഗത്തും നൽകിയിരിക്കുന്ന വിശദമായ നിർദ്ദേശങ്ങളനുസരിച്ച് ഉത്തരം എഴുതുക.

## SECTION - I

കുറിപ്പ് : ആശാന്റെ കവിതയെക്കുറിച്ചുള്ള രണ്ടു നിരീക്ഷണങ്ങൾ തഴെ ചേർക്കുന്നു. അവ ശ്രദ്ധാപൂർവ്വം വായിച്ച് 1-5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോ ഉത്തരവും മുപ്പത് വാക്കിൽ കവിയരുത്.

**(5x5=25 മാർക്ക്)**

മാഘഹർഷാദികളിൽ നിന്നും പിന്നോക്കം പോയി വാല്മീകി കാളിദാസാദികളെ സാദരം ഉപസരിച്ച് അവരുടെ കാവ്യകലയെ അനുഗ്രഹപൂർവ്വം ഏറ്റുവാങ്ങി, ബംഗാളിയും ഇംഗ്ലീഷും വഴിക്കാർജ്ജിച്ച കഴിവുകൾ ഇടകലർത്തി അദ്ദേഹം വീണപൂവും നളിനിയും എഴുതിയിറക്കി. സംസ്കൃതഛന്ദസ്സ്, സംസ്കൃത ശബ്ദാഭിരാമമായ ശൈലി, കുമാര സംഭവ സംസ്തുതമായ പ്രേമത്തിന്റെ ഷെല്ലിപ്പതിപ്പും തീർന്നു, സംസ്കൃതത്തോട് അദ്ദേഹത്തിനുള്ള കടപ്പാട് അവിടെത്തീർന്നു. ആ സംസ്കൃത ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് അദ്ദേഹം നടത്തിയ വിപ്ലവമെന്താണ് ? ഭാഷയിൽ നിന്ന് ആശയത്തിലേക്ക് പോകാതെ, ആശയത്തിൽ നിന്ന് ഭാഷയിലേക്ക് പോകണം എന്നുള്ള പ്രാധമികകലാതത്വം അദ്ദേഹം സിദ്ധാന്തിച്ചുകളഞ്ഞു. മോതിരക്കണ്ണിപോലുള്ള വൃത്തങ്ങളിൽ ചുരുക്കി പ്രസന്നത കളയാതെ വിചാരങ്ങളും വസ്തുതകളും പ്രതിപാദിക്കുവാൻ വെമ്പുന്നതിനിടയ്ക്ക് ഭാഷ്യാന്തവ്യുല്പത്തി നേടിയവനായിട്ടും അദ്ദേഹം വ്യാകരണ സൂത്രങ്ങൾ പൊട്ടിച്ചു കടക്കുവാൻ ധൈര്യപ്പെട്ടു. ഭാഷ മനുഷ്യന്റെ ഉപകരണമാണ്, മനുഷ്യൻ ഭാഷയുടെ ഉപകരണമല്ല. അതായിരുന്നു മഹാൻമാരായ മറ്റു പല എഴുത്തുകാർക്കുമെന്നപോലെ അദ്ദേഹത്തിനും വിശ്വാസം.

(ജോസഫ് മുണ്ടശ്ശേരി)

ആശാൻ കവിത ദുർഗ്രഹമാണെന്നൊരു പക്ഷമുണ്ട്. ശൈലിയുടെ കാഠിന്യമാണ് അതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്. ദുരാന്വയദോഷമുള്ള നാലഞ്ചു പദ്യങ്ങളെച്ചൊല്ലി കവിതകളെക്കുറിച്ച് മൊത്തത്തിൽ ഇങ്ങനെ പറയുന്നത് ശരിയല്ല. ആശാന്റെ കവിത ഗഹനമാണെന്നോ പ്രൗഢമാണെന്നോ പറഞ്ഞാൽ മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ പലപ്പോഴും കവി വിഹരിക്കുന്ന ഉന്നത മണ്ഡലങ്ങളിലേക്ക് ചെന്നെത്തുക ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യമാണ്. ആശയത്തിന്റെ ഗൗരവമനുസരിച്ച് ആവിഷ്കരണ രീതിയുടെ സ്വഭാവവും മാറും. കുട്ടികൾക്കുവേണ്ടി ബാലരാമായണം എഴുതിയ അതേ കവിയുടെ സൃഷ്ടിയാണ് പ്രരോദനം. രണ്ടിനും തമ്മിൽ അന്തരമുണ്ട്. പ്രരോദനത്തിന്റെ ഗാംഭീര്യത്തെ വികാരരാഹിത്യമായും വെറും ചിന്താപരതയായും നാം ധരിക്കരുത്. പ്രരോദനത്തിന്റെ ഭാവം പ്രണയമോ വാത്സല്യമോ അല്ല. സംപൂജ്യനായ ഒരു ഗുരുവിനോടുള്ള ബഹുമാനാദരങ്ങളാണ് എ.ആർ. രാജരാജ വർമ്മയോട് കുമാരനാശാനുണ്ടായിരുന്നത് വൈകാരികപരമായ ബന്ധമാണ്. അതുകൊണ്ട് കാവ്യത്തിൽ വികാരാംശം ചോർന്നുപോകണമെന്നില്ല. ഉജ്വലമായ ജീവിതചിന്തയെ ഉണർത്തിവിട്ട് വികാരം പിൻമാറിനില്ക്കും.

(തിരുനല്ലൂർ കരുണാകരൻ)

1. 'മാഘഹർഷാ'ദികളുടെ തിരസ്കാരം; 'വാല്മീകി കാളിദാസ'ാദികളുടെ സ്വീകാരം- ആശാന്റെ കാവ്യവ്യക്തിത്വത്തിന്റെ അടിത്തറയായി മുണ്ടശ്ശേരി കല്പിക്കുന്ന ഈ സിദ്ധാന്തം യുക്തി ഭദ്രമാണോ?

2. സംസ്കൃത പാരമ്പര്യനിരാസത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ആശാൻ ഭാഷയിൽ നിന്ന് ആശയത്തിലേക്കല്ല; ആശയത്തിൽ നിന്ന് ഭാഷയിലേക്കാണ് പോയത് എന്ന് മുണ്ടശ്ശേരി സൂചിപ്പിക്കുന്നു. സംസ്കൃത കാവ്യ സംസ്ക്കാരത്തിന്റെ പൊതു സ്വഭാവമായി ഇങ്ങനെ കാണുന്നത് അതിശയോക്തിയല്ലേ ?

3. “വ്യാകരണ സൂത്രങ്ങൾ പൊട്ടിച്ചു കടക്കുവാൻ ആശാൻ ധൈര്യപ്പെട്ടു” - ഇതെത്രമാത്രം ശരിയാണ് ? മാതൃകകൾ ചൂണ്ടിക്കാട്ടുക.

4. “കവി വിഹരിക്കുന്ന ഉന്നത മണ്ഡലങ്ങളിലേക്കു ചെന്നെത്തുക ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യമാണ്” - ദുർഗ്രഹതയെക്കുറിച്ച് പറയുമ്പോഴുള്ള ഈ പ്രസ്താവം യുക്തിഭദ്രമാണോ? പ്രത്യേകിച്ച് ആസ്വാദന പക്ഷത്തിൽ.

5. വൈകാരികാംശത്തിനു പ്രാമുഖ്യം. അല്ലെങ്കിൽ വൈകാരികതയ്ക്കും വിചാര പരതയ്ക്കും ഒരു സമതുലനം - ഉത്തമവും ഉദാത്തവുമായ കവിതയുടെ സിദ്ധി ഇതായിരിക്കേണ്ടേ? അങ്ങനെ നോക്കുമ്പോൾ ദുരവസ്ഥയെക്കുറിച്ചുള്ള തിരുനല്ലൂരിന്റെ അഭിപ്രായം സ്വീകാര്യമാണോ?

**SECTION - II**

**ഓരോ ചോദ്യത്തിനും മുപ്പത് വാക്കിൽ കവിയാതെ ഉത്തരം എഴുതുക.**

**(5x15=75 മാർക്ക്)**

6. ഭാഷോത്പത്തിവാദത്തിലെ മിശ്രഭാഷാസിദ്ധാന്തം എന്ത് ?

7. 'തമിഴായിക്കൊണ്ടറിയിക്കുന്നേൻ' എന്ന പ്രസ്താവത്തിന്റെ പൊരുൾ വ്യക്തമാക്കുക.

8. ദണ്ഡകം എന്നാൽ എന്ത്? വിവരിക്കുക.

9. പദവർഗ്ഗീകരണത്തിന് അർത്ഥത്തെ അടിസ്ഥാനപ്രമാണമായി സ്വീകരിക്കാമോ ?

10. എഴുത്തച്ഛന്റെ ഭാഷ പാട്ടിന്റെ പാരമ്പര്യമാണോ മണിപ്രവാളത്തിന്റെ പാരമ്പര്യമാണോ പിന്തുടരുന്നത് ?

11. നാടൻ കഥാഗാനങ്ങൾക്ക് അടിസ്ഥാനപരമായി ഒരു 'കെട്ടുമുറ'യേ ഉള്ളൂ. വിശദീകരിക്കുക.

12. കാർക്കോടക ദംശനം നളകഥയെ നാടകീയമാക്കുന്നതെങ്ങനെ ?

13. 'വീണപൂവ്' ആശാന്റെ പില്ക്കാലകാവ്യങ്ങളുടെ മുന്നൊരുക്കമാണെന്നു കരുതാമോ?

14. വള്ളത്തോൾക്കവിത ഏതു കാര്യത്തിലാണ് വെൺമണിപ്പാരമ്പര്യം പുലർത്തുന്നത് ?

15. സമകാലജീവിതത്തിൽ കൈമോശം വരുന്ന ധാർമ്മികതയെക്കുറിച്ചുള്ള ഉത്ക്കടമായ വ്യഥയാണ് എൻ.എൻ. കക്കാടിന്റെ കവിതയുടെ മൗലികഭാവം. ശരിയോ ?

16. ശൈശവമനസ്സിന്റെ ഏതൊക്കെ തലങ്ങളാണ് മാധവിക്കുട്ടി തന്റെ കഥകളിൽ അനാവരണം ചെയ്തത്?

17. തനതുനാടകവേദി എന്ന സങ്കല്പം പ്രയോഗതലത്തിൽ പാളിപ്പോവുകയായിരുന്നു എന്ന വാദത്തോടു പ്രതികരിക്കുക.

18. സി.പി. അച്യുതമേനോന്റെ വിമർശ സമീപനം വിശദമാക്കുക.

19. മൂല്യനിർദ്ധാരണത്തിന്റെ അഭാവമാണ് ലീലാവതിയുടെ വിമർശനങ്ങളെ പരമിതമാക്കുന്നത്. ശരിയോ ?

20. 'നവോത്ഥാന നോവലിൽ എഴുത്തുകാരന്റെ വയറാണ് സംസാരിക്കുന്നത്, മനസ്സല്ല' - ഈ വാദത്തിന്റെ സാധുത പരിശോധിക്കുക.

## SECTION - III

ഒരു ഐച്ഛികവിഷയം (ഭാഷാശാസ്ത്രവും വ്യാകരണവും/ സാഹിത്യ സിദ്ധാന്തങ്ങൾ / കേരള സംസ്കാരം) തിരഞ്ഞെടുത്ത് അതിൽ നിന്നുമാത്രം 21-25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുത്. ഓരോ ഉത്തരത്തിനും പന്ത്രണ്ടു മാർക്കുവീതം.

**(12x5=60 മാർക്ക്)**

## ഐച്ഛികം - ഒന്ന്

## ഭാവാശാസ്ത്രവും വ്യാകരണവും

21. വിഭക്തികൾക്കു പേരുകൾ നിർദ്ദേശിക്കുന്നതിന് കേരളപാണിനി അവതരിപ്പിക്കുന്ന കാരണങ്ങൾ വിമർശാത്മകമായി പരിശോധിക്കുക.

22. മലയാളത്തിലെ ലിംഗപ്രത്യയങ്ങളുടെ പ്രയോഗവിധികൾ വിശദമാക്കുക.

23. കക്ഷ്യാവിഭജനം (Typological Classification), ആനുവംശിക വർഗ്ഗീകരണം (Geneological classification) എന്നിവയുടെ അടിസ്ഥാന തത്ത്വങ്ങൾ വ്യക്തമാക്കുക.

24. സ്വനിമാപഗ്രഥന (Phonemic analysis) ത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും വിശകലനരീതികളും വിവരിക്കുക.

25. മാനസ്വരങ്ങൾ (Cardinal vowels) എന്നാൽ എന്ത് ? സ്വനവിജ്ഞാനത്തിൽ അവയ്ക്കുള്ള പ്രസക്തി വ്യക്തമാക്കുക.

## ഐച്ഛികം - രണ്ട്

## സാഹിത്യ സിദ്ധാന്തങ്ങൾ

21. കോളറിഡ്ജിന്റെ സെക്കന്ററി ഇമേജിനേഷൻ എന്ന സങ്കല്പം രാജശേഖരന്റെ പ്രതിഭയോട് എങ്ങനെ ചാർച്ച പുലർത്തുന്നു ?

22. കല അനുകരണമാണെന്ന പ്ലേറ്റോയുടെ ആശയത്തിന് നിയോക്ലാസ്സിക് കാലഘട്ടത്തിലെത്തുമ്പോൾ വന്ന മാറ്റം വിശദീകരിക്കുക.

23. ഭാഷാനിഷ്ഠമായ സമകാല വിമർശന സമീപനങ്ങൾ കുന്തകന്റെ വക്രോക്തി സങ്കല്പത്തോട് അടുക്കുന്നുണ്ടോ ?

24. 'കാന്താസമ്മിതതയോപദേശയുജേ' - വ്യാഖ്യാനിക്കുക.

25. ശാന്തരസനിരാസത്തിന്റെ യുക്തിയെന്ത്?

## ഐച്ഛികം - മൂന്ന്

## കേരള സംസ്കാരം

21. കേരളത്തിന്റെ വൈദേശിക ബന്ധങ്ങൾ ഉത്പാദിപ്പിച്ച അധിനിവേശ സംസ്കാരത്തിന്റെ മുദ്രകൾ രേഖപ്പെടുത്തുക.

22. മലയാളഭാഷയുടെ വികാസപരിണാമങ്ങളിൽ അന്യഭാഷാസമ്പർക്കം എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

23. ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയവർ നേതൃത്വം കൊടുത്ത പ്രസ്ഥാനങ്ങൾ അവരുടെ സങ്കല്പങ്ങൾ സഫലമാക്കുന്നുണ്ടെന്ന് കരുതാമോ ?

24. പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ മലയാള സംസ്കാരം വികലമാക്കപ്പെടുന്നുണ്ടെന്ന അഭിപ്രായത്തിന്റെ സാധുത എന്ത് ?

25. കേരളത്തിന്റെ കലാപാരമ്പര്യത്തിൽ സംഗീതത്തിനുള്ള പ്രാധാന്യം വിശദമാക്കുക.

## SECTION - IV

**ആയിരം വാക്കിൽ കവിയാതെ ഉത്തരം എഴുതുക.**

**(40x1=40 മാർക്ക്)**

26. ആഗോളീകരണത്തിനും സർവദേശവത്കരണത്തിനും പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഗുണങ്ങളുണ്ടെങ്കിലും മനുഷ്യന്റെ ആഴത്തിലുള്ള സ്വത്വനഷ്ടത്തിന് അതു കാരണമായിത്തീർന്നേക്കാം. സംസ്ക്കരത്തിന്റെയും കലാസാഹിത്യാദികളുടെയും പുതിയ പരിപ്രേക്ഷ്യങ്ങൾ ഈ സ്വത്വനഷ്ടത്തെ ദൃഢീകരിക്കുന്നുമുണ്ട്. ഇൻഡ്യൻ - കേരളീയ പരിസരത്തിൽ നിർത്തി ഈ പ്രമേയത്തെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

സാഹിത്യം ഭാഷയുടെ അനന്തമായ അർത്ഥനിർമ്മാണലീലയാണ്. പാഠത്തിന് പുറത്ത് ഒന്നുമില്ല. സാഹിത്യകൃതിക്ക് സവിശേഷമായ ഒരു ഭാവകേന്ദ്രവുമില്ല. സാഹിത്യ വിമർശനത്തിൽ എഴുത്തുകാരനോ കാലത്തിനോ ഒരു പ്രശക്തിയുമില്ല. സാഹിത്യം കലയല്ല, ഒരു ജ്ഞാനപദ്ധതിയാണ്. സാഹിത്യ വിമർനശത്തിലെ നിഗമനങ്ങൾക്ക് ആധികാരികത ഉണ്ടാവണമെന്നില്ല. അവിടെ മൂല്യനിർദ്ധാരണം അനാവശ്യമാണ്. സമകാലികമായ ഈ ഉപദർശനങ്ങൾ സാഹിത്യ പഠനത്തിന് നല്കുന്ന ദിശാബോധം ആരോഗ്യകരമാണോ, ആപത്കരമാണോ ?

| FOR OFFICE USE ONLY | | | | | | | |
|---|---|---|---|---|---|---|---|
| **Marks Obtained** | | | | | | | |
| **Question Number** | **Marks Obtained** | **Question Number** | **Marks Obtained** | **Question Number** | **Marks Obtained** | **Question Number** | **Marks Obtained** |
| 1 | | 26 | | 51 | | 76 | |
| 2 | | 27 | | 52 | | 77 | |
| 3 | | 28 | | 53 | | 78 | |
| 4 | | 29 | | 54 | | 79 | |
| 5 | | 30 | | 55 | | 80 | |
| 6 | | 31 | | 56 | | 81 | |
| 7 | | 32 | | 57 | | 82 | |
| 8 | | 33 | | 58 | | 83 | |
| 9 | | 34 | | 59 | | 84 | |
| 10 | | 35 | | 60 | | 85 | |
| 11 | | 36 | | 61 | | 86 | |
| 12 | | 37 | | 62 | | 87 | |
| 13 | | 38 | | 63 | | 88 | |
| 14 | | 39 | | 64 | | 89 | |
| 15 | | 40 | | 65 | | 90 | |
| 16 | | 41 | | 66 | | 91 | |
| 17 | | 42 | | 67 | | 92 | |
| 18 | | 43 | | 68 | | 93 | |
| 19 | | 44 | | 69 | | 94 | |
| 20 | | 45 | | 70 | | 95 | |
| 21 | | 46 | | 71 | | 96 | |
| 22 | | 47 | | 72 | | 97 | |
| 23 | | 48 | | 73 | | 98 | |
| 24 | | 49 | | 74 | | 99 | |
| 25 | | 50 | | 75 | | 100 | |

Total Marks Obtained (in words) ....................................

(in figures) ....................................

Signature & Name of the Coordinator ...............................

(Evaluation) Date .............................